# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 164

03-10-2016 -ൽ മറുപടിക്ക്

### ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ് തോമസ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ജലപാത കൊല്ലത്തുനിന്നും കോവളം വരെയും കോട്ടപ്പുറത്തുനിന്നും നീലേശ്വരം വരെയും ദീർഘിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) 590 കി.മീ. നീളമുള്ള തിരുവനന്തപുരം - കാസർഗോഡ് ജലപാതയിൽ , കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദൂരം ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുണ്ട്.<br>ദേശീയജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/ വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ ദൂരം പാത കൂടി ഉൾപ്പെടുത്തി ദേശീയജലപാത ദീർഘിപ്പിക്കുന്നതിനാണ് 12-04-2016-ാം തീയതി പ്രാബല്യത്തിൽ വന്ന National Waterways Act 2016 പ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (28കി.മീ), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (38കി.മീ), കോട്ടയം-വൈക്കം (വെച്ചൂർ) കനാൽ (28കി.മീ) എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.<br>ദേശീയ ജലപാതയിലെ മരാമത്ത് പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ് നിർവ്വഹിക്കുന്നത്. |

| | | |
|---|---|---|
| (ബി) പ്രസ്തുത പാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശ ങ്ങൾ നൽകുമോ;<br><br>(സി) റോഡുകളിലെ ഗതാഗതത്തിരക്ക് ലഘൂകരിക്കാനും, ടൂറിസം വികസന മുന്നേറ്റത്തിന് പുതിയ സാധ്യതകൾ തുറക്കാനും ഉതകുന്ന തരത്തിൽ ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരി ക്കുമോ? | (ബി) യും (സി) യും | സംസ്ഥാന ജലപാത (കോവളം-കൊല്ലം, കോഴിക്കോട്-നീലേശ്വരം) യുടെ വിവിധ ഭാഗങ്ങളിൽ ജലപാത പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിലേയ്ക്കായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് പലവിധ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി ജലപാത സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികൾക്കൊപ്പം ബോട്ട് ജെട്ടികൾ, ലാന്റിംഗ് സെന്ററുകൾ, കാർഗോ ടെർമിനലുകൾ എന്നിവയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവയുടെ എല്ലാം നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് റോഡുകളിലെ ഗതാഗതതിരക്ക് ലഘൂകരിക്കാവുന്നതും നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ടൂറിസം വകുപ്പുമായി സംയോജിച്ച് വിനോദ സഞ്ചാര വികസനം യാഥാർത്ഥ്യമാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരളത്തിൽ ദേശീയ ജലപാതയുടെ (കൊല്ലം - കോട്ടപ്പുറം) ഇരുവശങ്ങളിലു മുള്ള 262 കി.മീ. നീളം വരുന്ന കോവളം - കൊല്ലം, കോഴിക്കോട് - നീലേശ്വരം എന്നീ ജലപാതകളാണ് നിലവിൽ സംസ്ഥാന ജലപാതയായി അംഗീകരിച്ചിട്ടുള്ളത്.

## കോവളം - കൊല്ലം

74.18കി.മീ ദൂരമുള്ള ഈ ജലപാതയിൽ 31 കി.മീ ഭാഗം ഗതാഗതയോഗ്യമാണ്. 16 കി.മീ ദൂരം പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നതും തുടർന്ന് പണി ചെയ്യുവാനുള്ള 27 കി.മീ ദൂരം 13-ാം ധനകാര്യ കമ്മീഷൻ സഹായത്തിൽ ഉൾപ്പെടുത്തി 3 പ്രവൃത്തികളും, സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 7 പ്രവൃത്തികളും പല ഭാഗങ്ങളിലായി നടന്നു വരുന്നു. ആയതിൽ കോവളം മുതൽ ആക്കുളം വരെയുള്ള പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ **KIIFB (Kerala Infrastructure Investment Fund Board)** യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതിനു വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. വർക്കല ചെറിയ തുരങ്കത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. നടയറ മുതൽ ഇരവിപുരം കായൽ വരെയുള്ള 11 കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. ഇരവിപുരം കായൽ മുതൽ അഷ്ടമുടിക്കായൽ വരെയുള്ള 7.86 കി.മീ. ദൂരമുള്ള കൊല്ലം തോടിന്റെ 2 കി.മീ. ഭാഗത്തെ ആഴം കൂട്ടൽപൂർത്തിയായിട്ടുണ്ട്. 3.10 കി.മീ. ഭാഗത്തെ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു,

| | |
|---|---|
| ആകെ നീളം | 74.18 കി.മീ. |
| ഗതാഗതയോഗ്യമായ ദൂരം | 31 കി.മീ. |
| പണി പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഭാഗം | 16 കി.മീ. |
| ബാക്കി പണി ചെയ്യുവാനുള്ള ദൂരം | 27 കി.മീ. |

കോട്ടപ്പുറം-കോഴിക്കോട് ഭാഗം (160 കി.മീ) 2016 നാഷണൽ വാട്ടർവേ ആക്ട് പ്രകാരം ദേശീയപാത **III** ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന പി.സി.കനാൽ, താനൂർ-കൂട്ടായി (ടി.കെ.) കനാൽ, ഇ.കെ. കനാൽ, ബേപ്പൂർ - കല്ലായി (ബി.കെ.) കനാൽ എന്നിവയിൽ ഇറിഗേഷൻ വകുപ്പ് താഴെ പറയുന്ന രീതിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

### 1) പി.സി.കനാൽ

79 കി.മീ. ദൈർഘ്യമുള്ള പൊന്നാനി-ചേറ്റുവാ കനാൽ (പി.സി.കനാൽ) തൃശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ പൊന്നാനി വരെയുള്ള ജലപാതയാണ്. ഇത് ഭാരതപ്പുഴയെയും ദേശീയ ജലപാത നം. **III**- നെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഇതിൽ കോട്ടപ്പുറം മുതൽ

ചേറ്റുവ വരെയുള്ള 50 കി.മീ. നീളമുള്ള സംസ്ഥാന ജലപാത ഭാഗികമായി ഗതാഗതയോഗ്യ മാണ്. ഈ ഭാഗങ്ങളിലെ ഗതാഗതം പൂർണ്ണമാകണമെങ്കിൽ ചെറിയ പ്രവൃത്തികളായ നരിക്കല്ല് നീക്കം ചെയ്യൽ, പഴയ പാലം പുനർനിർമ്മിക്കൽ, ആഴം കൂട്ടൽ, തുടങ്ങിയ പ്രവൃത്തികൾ ചെയ്യേണ്ടതായുണ്ട്. പ്രസ്തുത കനാലിന്റെ 1.32 കി.മീ. പുനരുദ്ധാരണ പ്രവൃത്തികൾ 98% പൂർത്തീകരിച്ചു. 8 കി.മീ. ഭാഗം 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ പൂർത്തീകരിച്ചിട്ടുണ്ട്.

## 2) താനൂർ-കൂട്ടായി (ടി.കെ.) കനാൽ

18 കി.മീ. ദൈർഘ്യത്തിലുള്ള മലപ്പുറം ജില്ലയിലെ താനൂർ-കൂട്ടായി (ടി.കെ) കനാലിന്റെ 1.32 കി.മീ. നീളത്തിൽ വീതി കൂട്ടലും ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണവും 13-ാം ധന കാര്യ കമ്മീഷൻ സഹായത്തോടെ പൂർത്തീകരിച്ചു. 0.96 കി.മീ. ഭാഗത്തെ പ്രവൃത്തികൾ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 98% പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

## 3) ഇ.കെ. കനാൽ

കോഴിക്കോട് സിറ്റിയിൽ കൂടി കടന്നു പോകുന്ന 11.2 കി.മീ. നീളത്തിലുള്ള ഇ.കെ കനാ ലിന്റെ (കനോലി കനാൽ) 8.8 കി.മീ. നീളത്തിൽ ആഴം കൂട്ടലും പാർശ്വ ഭിത്തി സംരക്ഷണവും, **NABARD RIDF** 17-ൽ ഉൾപ്പെടുത്തി 85 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചു.

## 4) ബേപ്പൂർ - കല്ലായി (ബി.കെ.) കനാൽ

9.3 കി.മീ. ദൈർഘ്യത്തിലുള്ള ബേപ്പൂർ-കല്ലായി (ബി.കെ.) കനാലിന്റെ 3.5 കി.മീ. നീള ത്തിൽ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും നബാർഡ് ആർ.ഐ.ഡി.എഫ്. 19-ൽ ഉൾപ്പെടുത്തി 2 റീച്ചുകളിലായി നടന്നു വരുന്നു.

## വടകര-മാഹി കനാൽ

ജലപാതകളുടെ സമഗ്ര വികസനത്തിനായി നിരവധി പദ്ധതികൾ പുരോഗമിച്ചു വരുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് വടകര മുതൽ മാഹി വരെയുള്ള 17.61 കി.മീ. ഭാഗത്തെ കനാൽ നിർമ്മാണമാണ് നബാർഡ് ആർ.ഐ.ഡി.എഫ്. 17-ൽ ഉൾപ്പെടുത്തി 23 കോടി രൂപയും 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയും (3 റീച്ചുകളിലായി 22+28+20) സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 23.25 കോടി രൂപയും ഉൾപ്പെടെ മൊത്തം അഞ്ചു റീച്ചുകളിലായി 116.25 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും വടകര-മാഹി കനാൽ നിർമ്മാണത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട ഒരു റീച്ച് പൂർത്തീകരിക്കുകയും മറ്റ് രണ്ട് ഭാഗങ്ങൾ യഥാക്രമം 92 ശതമാനവും 45 ശതമാനവും പൂർത്തി യാക്കിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. 17-ൽ ഉൾപ്പെട്ട ഒന്നാം ഭാഗം സംസ്ഥാന ജലപാത നിലവാ രത്തിൽ (14 മീറ്റർ വീതിയിലും 1.7 മീറ്റർ ആഴത്തിലും) ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന 5-ാംമത്തെ റീച്ചിന്റെ 25% പൂർത്തിയാക്കിയിട്ടുണ്ട്.

മാഹി-വളപ്പട്ടണം

അനുയോജ്യമായ അലൈൻമെന്റ് തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കോഴിക്കോട് - നീലേശ്വരം ജലപാത**

കോഴിക്കോട് - നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിന്റെ ഭാഗമായി ഹോസ്ദുർഗ് വരെയുള്ള പ്രാരംഭ പ്രവൃത്തികൾ നടപ്പാക്കി വരുന്നു. ഹോസ്ദുർഗ് മുതൽ കാസർഗോഡ് വരെയുള്ള ഭാഗത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു.

ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കി ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ